# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2460** **14/06/2019-ൽ മറുപടിയ്ക്ക്**

## സഹകരണമേഖലയുടെ വികസനത്തിനായി നടപ്പാക്കി വരുന്ന പദ്ധതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. ജെയിംസ് മാത്യു<br>,, പി. വി. അൻവർ<br>,, സി. കെ. ശശീന്ദ്രൻ<br>,, കെ. കുഞ്ഞിരാമൻ** | | | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** |
| (എ) | ദേശീയ സഹകരണ വികസന കോർപ്പറേഷൻ സഹകരണ മേഖലയുടെ വികസനത്തിനായി സംസ്ഥാനത്ത് നടപ്പാക്കി വരുന്ന പദ്ധതികൾ എന്തൊക്കെയാണ്; | (എ) | ദേശീയ സഹകരണ വികസന കോർപ്പറേഷൻ സഹകരണ മേഖലയുടെ വികസനത്തിനായി സംസ്ഥാനത്ത് പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ ഉൾപ്പെടെയുള്ള വായ്പാ സംഘങ്ങൾക്ക് കാർഷിക വായ്പാ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള ഭൗതിക സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള പദ്ധതി ധനസഹായം, പ്രാഥമിക വിപണന സംഘങ്ങളുടെ ഓഹരി മൂലധന അടിത്തറ ശക്തിപ്പെടുത്തുന്നതിനും ദുർബല വിപണന സംഘങ്ങളെ പുനരുദ്ധരിക്കുന്നതിനുമുള്ള ധനസഹായം, കേരള സംസ്ഥാന സഹകരണ ഉപഭോക്തൃ ഫെഡറേഷൻ, ജില്ലാ മൊത്ത വ്യാപാര ഉപഭോക്തൃ സ്റ്റോർ ഉപഭോക്തൃ പരിപാടികൾ നടത്തുന്ന പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ/ഫാർമേഴ്സ് സഹകരണ ബാങ്ക് എന്നിവയ്ക്കുള്ള സഹായം, എൻ.സി.ഡി.സി.യുടെ റൂറൽ കൺസ്യൂമർ സ്കീം നടപ്പിലാക്കുന്നതിനുള്ള സഹായം, ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം, ടൂറിസം, ഹോസ്പിറ്റാലിറ്റി, ട്രാൻസ്പോർട്ട്, പുതിയതും പാരമ്പര്യേതരവും പുനരുപയോഗിക്കാൻ |

| | | | |
|---|---|---|---|
| | | | കഴിയുന്നതുമായ ഊർജ്ജ സ്രോതസ്സുകളിൽ നിന്നുമുള്ള ഊർജ്ജ ഉത്പാദനവും വിതരണവും ഗ്രാമീണ വന പദ്ധതികൾ എന്നിവയിൽ ഏർപ്പെട്ടിട്ടുള്ളതുമായ സംഘങ്ങൾക്കുള്ള സഹായം, ആശുപത്രി, ഹെൽത്ത് കെയർ, വിദ്യാഭ്യാസ പദ്ധതികളിൽ സേവനം നൽകുന്നതിൽ ഏർപ്പെട്ടിട്ടുള്ള സഹകരണ സംഘങ്ങൾ/ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ, മറ്റ് സഹകരണ സംഘങ്ങൾക്ക് ഫാർമേഴ്സ് സർവ്വീസ് സെന്റർ പ്രവർത്തിപ്പിക്കുന്നതിനുള്ള ധനസഹായം, കാർഷിക ഉത്പ്പന്നങ്ങളുടെ ഗുണനിലവാരം തരംതിരിക്കൽ കമ്പോളത്തിന്റെ പശ്ചാത്തല സൗകര്യ വികസനം/ഗോഡൗൺ നിർമ്മാണം എന്നിവയ്ക്കായി സഹായം, എല്ലാത്തരം സഹകരണ സംഘങ്ങൾക്കും കാർഷിക സംസ്കരണ യൂണിറ്റുകൾ ആരംഭിക്കുന്നതിനും നിലവിലുള്ളവ പുനരുദ്ധരിക്കുന്നതിനും ധനസഹായം, സംയോജിത സഹകരണ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഇടുക്കി, പാലക്കാട്, തൃശ്ശൂർ ജില്ലകൾക്ക് സഹായം, സംസ്കരണ സഹകരണ സംഘങ്ങൾക്ക് പ്രോത്സാഹനമായി വായ്പായിനത്തിൽ ധനസഹായം എന്നീ പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്. |
| (ബി) | സഹകരണ സ്ഥാപനങ്ങൾ വഴി കാർഷികോപയോഗ സാധന ങ്ങൾ ഉല്പാദിപ്പിക്കാനും കാർഷികോല്പന്നങ്ങളുടെ സംസ്കരണം, വിപണനം, സംഭരണം എന്നിവയ്ക്കായും എന്തെല്ലാം സഹായമാണ് നൽകി വരുന്നത്; | (ബി) | സഹകരണ സംഘങ്ങൾക്ക് കീഴിൽ കർഷക സേവന കേന്ദ്രം സ്ഥാപിക്കുന്നതിന് ധനസഹായം നൽകി വരുന്നു. സഹകരണ സ്ഥാപനങ്ങൾ വഴി കൃഷി അടിസ്ഥാനമാക്കി തോട്ടവിളകൾ സംസ്കരിക്കൽ (തേയില, കാപ്പി, റബ്ബർ, കശുവണ്ടി, അടയ്ക്ക, സുഗന്ധ വ്യഞ്ജനങ്ങൾ) ഭക്ഷ്യ വിളകളുടെ സംസ്കരണം, എണ്ണക്കുരുക്കളുടെ സംസ്കരണ യൂണിറ്റുകൾ, മറ്റ് വിധത്തിലുള്ള സംസ്കരണ യൂണിറ്റുകൾ എന്നിവ സ്ഥാപിയ്ക്കുന്നതിനും, പീഡിത സംസ്കരണ യൂണിറ്റുകൾ പുനരുദ്ധരിക്കുന്നതിനും ധനസഹായം നൽകി വരുന്നു. കൂടാതെ കാർഷികോത്പ്പന്നങ്ങളുടെ ഗുണനിലവാരം, തരംതിരിക്കൽ, കമ്പോളത്തിന്റെ പശ്ചാത്തല സൗകര്യ വികസനം എന്നിവയ്ക്കും സംഭരണ ശാലകൾ നിർമ്മിക്കുന്നതിനും, വിപണന സംഘങ്ങൾക്ക് പ്രോജക്റ്റ് തയ്യാറാക്കുന്നതിനും, ദുർബ്ബല വിപണന സംഘങ്ങളെ |

| | | | |
|---|---|---|---|
| | | | പുനരുദ്ധരിക്കുന്നതിനും പ്രാഥമിക വിപണന സംഘങ്ങളുടെ ഓഹരി മൂലധന അടിത്തറ ശക്തിപ്പെടുത്തുന്നതിനും ധനസഹായം നൽകി വരുന്നു. |
| (സി) | എൻ.സി.ഡി.സി. 2018-19 സാമ്പത്തിക വർഷം വിവിധ സഹകരണ വികസന പദ്ധതികൾക്കായി എത്ര കോടി രൂപയാണ് സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ളതെന്നും ഇതിൽ എത്ര കോടി രൂപയാണ് സബ്സിഡി ഇനത്തിൽ നൽകിയിട്ടുള്ളതെന്നും വിശദമാക്കാമോ? | (സി) | എൻ.സി.ഡി.സി. 2018-19 സാമ്പത്തിക വർഷം വിവിധ സഹകരണ വികസന പദ്ധതികൾക്കായി 65 കോടി രൂപയും അഡീഷണൽ ആതറൈസേഷൻ മുഖേന 100 കോടി രൂപയും അനുവദിച്ചിരുന്നു. ഇതിൽ 1.35 കോടി രൂപ സബ്സിഡിയിനത്തിൽ അനുവദിക്കുകയും 1,09,29,930/- രൂപ ചെലവഴിക്കുകയും ചെയ്തു. |

സെക്ഷൻ ഓഫീസർ